# സമ്പദ്വ്യവസ്ഥ

“മണ്ണിന്റെയും ആത്മാവിന്റെയും സംയോജനമാണ് നാഗരികത. അതായത് ഭൂമിയിൽനിന്ന് ലഭിക്കുന്ന വിഭവങ്ങളെ മനുഷ്യന്റെ അഭിലാഷങ്ങളും അച്ചടക്കവും കൊണ്ട് മാറ്റിയെടുക്കൽ”-വിൽഡ്യൂറന്റ്. നാഗരികതകളുടെ മുഖപ്പുകൾക്കെല്ലാം പിന്നിൽ മനുഷ്യന്റെ സാന്നിധ്യമുണ്ട്. വേട്ടക്കാരനും കർഷകനും ഖനിത്തൊഴിലാളിയും ആശാരിയും വാഹന നിർമാതാവും വ്യാപാരിയും കൂലിപ്പണിക്കാരനും കലാകാരനും അധ്യാപകനും എല്ലാമായ മനുഷ്യൻ. ഇപ്പറഞ്ഞ മനുഷ്യരെല്ലാം തിരക്കിട്ട് പണിയെടുക്കുകയായിരുന്നു ഇസ്‌ലാമിക നാഗരികതയിലും. മനുഷ്യർ കന്നുകാലികളെ വളർത്തി. കൃഷി ചെയ്തു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് സാധനങ്ങൾ കയറ്റിയയക്കുകയും അവിടെനിന്നെല്ലാം സാധനങ്ങൾ ശേഖരിക്കുകയും ചെയ്തു. പച്ചക്കറിയും പഴങ്ങളും പൂക്കളും കരിമ്പും പരുത്തിയും അവർ കൃഷി ചെയ്തു. യൂറോപ്പിൽ ആദ്യമായി പരുത്തി കൃഷി ചെയ്തത് അറബികളാണ്. കാർഷിക കാര്യങ്ങൾക്ക് ഖലീഫഃമാർ നേരിട്ട് നേതൃത്വം നല്കിയിരുന്നു. ചതുപ്പു നിലങ്ങൾ വറ്റിച്ച് കൃഷിയോഗ്യമാക്കുന്നതിന് അബ്ബാസീ ഖലീഫഃമാർ പ്രത്യേകം ശ്രദ്ധിച്ചു. ഇറാഖും പേർഷ്യയും ദമസ്കസും ബുഖാറയും സമർഖന്ദും ഖലീഫഃമാരുടെ ഭരണത്തിൻ കീഴിൽ “ഭൂമിയിലെ പറുദീസ”കളായി രൂപാന്തരപ്പെട്ടു എന്നാണ് ചരിത്രകാരന്മാരുടെ വിവരണം.

സ്വർണം, വെള്ളി, ഇരുമ്പ്, ഈയം, മെർക്കുറി, മാർബിൾ, അഞ്ജനക്കല്ല്, ആസ്ബെസ്റ്റസ്, സൾഫർ തുടങ്ങിയവ വൻതോതിൽ ഖനനം ചെയ്യപ്പെട്ടു. ഉൾക്കടലുകളിൽനിന്ന് ധാരാളമായി മുത്തും പവിഴവും മുങ്ങിയെടുത്തു. കരകൗശല വ്യവസായങ്ങൾ അഭിവൃദ്ധി നേടി. മുസ്‌ലിം പ്രവിശ്യകളിൽ അക്കാലത്ത് കാറ്റാടിയന്ത്രങ്ങൾ (**Windmill**) സർവസാധാരണമായിരുന്നു. കുരിശുയുദ്ധങ്ങൾക്ക് വന്ന യൂറോപ്യൻ പട്ടാളക്കാർ പിന്നീടത് യൂറോപ്യൻ നഗരങ്ങളിൽ സ്ഥാപിക്കുന്നത് വരെ യൂറോപ്പിന് ഈ യന്ത്രങ്ങൾ അപരിചിതമായിരുന്നു. കാറ്റാടിയന്ത്രത്തിനു പുറമേ വിവിധതരം നാടൻ യന്ത്രസാമഗ്രികളും ഇസ്‌ലാമിക നാഗരികതയിൽ വളർച്ച നേടി. ഖലീഫഃ ഹാറൂനുർറശീദ് ഷാർലമെയിന് അയച്ചുകൊടുത്ത ജലഘടികാരം അദ്ഭുതകരമായ പ്രവർത്തന സംവിധാനമുള്ള ഒന്നായിരുന്നു. യമനിലെയും ദമസ്കസിലെയും തുണിത്തരങ്ങളും ലോകശ്രദ്ധ നേടി. മൗസിലിലെ ‘മസ്‌ലിൻ’ തുണി വിശ്വപ്രസിദ്ധമായിരുന്നു. സദോണിലെയും ടയറിലെയും ഗ്ലാസിന് സമാനമായവ ലോകത്തെവിടെയും ഉണ്ടായിരുന്നില്ല. ബഗ്ദാദിലെ പാത്രങ്ങളും നിസ്തുലങ്ങളായിരുന്നു.

കരയിലെ ഗതാഗത മാർഗങ്ങൾ കുതിര, ഒട്ടകം, കോവർ കഴുത എന്നിവയായിരുന്നു. 4700 ഒട്ടകങ്ങളുള്ള കച്ചവട സംഘങ്ങൾ മരുഭൂമി താണ്ടിയിരുന്നതായി ചരിത്രകാരന്മാർ രേഖപ്പെടുത്തുന്നു. കുതിര സവാരിയെയും ഒട്ടക സവാരിയെയും വർണിക്കുന്ന അനേകം കവിതകൾ അ*റബി ഭാഷയിലുണ്ട്. ബഗ്ദാദിൽനിന്ന് റയ്യിലേക്കും നിശാപൂരിലേക്കും മർവിലേക്കും ബുഖാറയിലേക്കും നീളുന്ന വലിയ പാതകളുണ്ടായിരുന്നു. ബസ്വ്റഃയിലൂടെയും ശീറാസിലൂടെയും കൂഫഃയിലൂടെയും മദീനഃയിലൂടെയും വൻ പാതകൾ കടന്നുപോയി. മക്കഃയും അദനും മൗസിലും ദമസ്കസും തിരക്കുപിടിച്ച വ്യാപാര മാർഗങ്ങളായിരുന്നു. വഴിയാത്രക്കാരുടെ ഉപയോഗത്തിന് വഴിനീളെ സത്രങ്ങളും തണൽവൃക്ഷങ്ങളും കുളിമുറികളും സംവിധാനിച്ചിരുന്നു. കരഗതാഗതത്തോടൊപ്പം ജലഗതാഗതവും അഭിവൃദ്ധിപ്പെട്ടു. കുരിശുയുദ്ധാരംഭം വരെ മെഡിറ്ററേനിയൻ സമുദ്രത്തിൽ മുസ്‌ലിം വ്യാപാരികൾക്കായിരുന്നു മേൽക്കോയ്മ.

വാണിജ്യം സ്വതന്ത്രമായിരുന്നു. ഖലീഫഃ അബ്ദുൽ മലിക് വ്യക്തമായ അറബ് നാണയ വ്യവസ്ഥ നടപ്പിലാക്കി. മൊറോക്കോയിലെ ഒരു വ്യാപാരിക്ക് നല്കിയ 42,000 ദീനാറിന്റെ ഒരു പ്രോമിസറി നോട്ടിനെക്കുറിച്ച് ഇബ്നുഹൗഖൽ വിവരിക്കുന്നുണ്ട്. ഇത്തരം പ്രോമിസറി നോട്ടിന് അറബിയിൽ ഉപയോഗിക്കുന്ന ‘സ്വക്ക്’ എന്ന വാക്കിൽനിന്നാണ് ഇംഗ്ലീഷിലെ ‘ചെക്ക്’ ഉണ്ടായത്. വ്യാപാര സംഘങ്ങളിൽ പണം നിക്ഷേപിക്കാൻ വ്യക്തികൾ മുന്നോട്ടുവന്നിരുന്നു. പലിശ സമ്പ്രദായം തീരെ ഉണ്ടായിരുന്നില്ല എന്നതാണ് ഇസ്‌ലാമിക നാഗരികതയിലെ വാണിജ്യ പ്രവർത്തനങ്ങളുടെ പ്രത്യേകത.

ഇസ്‌ലാമിക ധനശാസ്ത്രത്തിന്റെ അടിസ്ഥാന തത്ത്വങ്ങൾ ഏറക്കുറേ ഉൾക്കൊള്ളാൻ ഇസ്‌ലാമിക നാഗരികതയിലെ സമ്പദ്വ്യവസ്ഥക്കു സാധിച്ചിരുന്നു എന്നതിന്റെ തെളിവാണ് പലിശയുടെ അഭാവവും സർവതോമുഖമായ സാമ്പത്തിക പുരോഗതിയും, സമൂഹത്തിൽ പൊതുേവ നിലനിന്നിരുന്ന സമത്വവും. സമ്പത്ത് ആത്യന്തികമായി അല്ലാഹുവിന്റേതാണ്, മനുഷ്യൻ അതിന്റെ കൈകാര്യകർത്താവ് മാത്രമാണ്, നിയമവിധേയമായ സ്വാതന്ത്ര്യമേ സമ്പത്ത് വിനിയോഗിക്കുന്നതിൽ മനുഷ്യനുള്ളൂ, തന്റെ സ്വത്തിൽ മറ്റുള്ളവർക്കും ദൈവനിശ്ചിതമായ അവകാശമുണ്ട്, സമൂഹത്തിന്റെ പൊതു നന്മയുടെ താഴെയേ വ്യക്തിയുടെ താൽപര്യത്തിനു സ്ഥാനമുള്ളൂ തുടങ്ങിയവയാണ് ഇസ്‌ലാമിക ധനശാസ്ത്രം മുന്നോട്ടു വെക്കുന്ന പൊതു തത്ത്വങ്ങൾ. പ്രകൃതിവിഭവങ്ങളിൽ എല്ലാവർക്കും തുല്യാവകാശം ഉറപ്പുവരുത്തുന്നു ഇസ്‌ലാം. കൃഷിഭൂമി തരിശിടുന്നത് ഇസ്‌ലാം വിലക്കി. ആധ്യാത്മിക പ്രവർത്തനങ്ങൾക്കെന്ന പോലെ സാമ്പത്തിക പ്രവർത്തനങ്ങൾക്കും ഇസ്‌ലാം പ്രാധാന്യം കല്പിക്കുന്നു. സാമ്പത്തിക പ്രവർത്തനങ്ങളിൽ ഏർപ്പെടാനും സ്വന്തമായി സമ്പാദിക്കാനും അങ്ങനെ സമ്പാദിച്ചത് സ്വന്തമായി കൈകാര്യം ചെയ്യാനും സ്ത്രീകൾക്ക് അനുവാദം നല്കി. ദരിദ്രരെ സഹായിക്കേണ്ടത് പൊതു ബാധ്യതയായി ഇസ്‌ലാം നിശ്ചയിച്ചു. ധൂർത്തും ദുർവ്യയവും നിരോധിച്ചു. സ്വകാര്യ സ്വത്തിനും ഖനിജങ്ങൾക്കും നികുതി നിശ്ചയിച്ചു. ദരിദ്രർക്കിടയിൽ അവ വിതരണം ചെയ്യാനും വ്യവസ്ഥ ചെയ്തു. ഇതിന്റെയെല്ലാം സദ്ഫലങ്ങൾ ഇസ്‌ലാമിക സമ്പദ്വ്യവസ്ഥയിൽ പ്രകടമായിരുന്നു.